പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2561 28-10-2026-ൽ മറുപടിയ്ക്ക്

പി.എം.-അജയ് പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പും കേന്ദ്രസഹായവും

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീമതി ഉമ തോമസ്

ശ്രീ. സേനാപതി വേണു

ശ്രീ. വി. ടി. സൂരജ്

ശ്രീ. എം. എം. നസീർ

മറുപടി നൽകിയ മന്ത്രി

ശ്രീമതി കെ. എ. തുളസി
(പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ യോജന (പി.എം.-അജയ്) പദ്ധതിയുടെ ഭാഗമായി ആദർശ് ഗ്രാമങ്ങൾ വികസിപ്പിക്കുന്നതിനും പട്ടികജാതി വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപ്പുസാമ്പത്തിക വർഷം കേന്ദ്രസർക്കാർ അനുവദിച്ച തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

മറുപടി: കേന്ദ്രസർക്കാരിന്റെ പ്രധാനമന്ത്രി അനുസൂചിത് ജാതി അഭ്യുദയ യോജന (പി.എം.-അജയ് പദ്ധതിയുടെ ഭാഗമായി ആദർശ് ഗ്രാമങ്ങൾ വികസിപ്പിക്കുന്നതിനും പട്ടികജാതി വിഭാഗങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി നടപ്പുസാമ്പത്തിക വർഷം ഗ്രാമങ്ങൾ തെരഞ്ഞെടുത്തിട്ടില്ല എന്നതിനാൽ തുക അനുവദിച്ചിട്ടില്ല.

(ബി) പദ്ധതിയുടെ ഭാഗമായി കേരളം സമർപ്പിച്ച വികസന പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിലും ആവശ്യമായ കേന്ദ്രവിഹിതം അനുവദിക്കുന്നതിലും കാലതാമസം നേരിട്ടിട്ടുണ്ടോ; പദ്ധതിയുടെ ഭാഗമായി തിരഞ്ഞെടുക്കപ്പെട്ട ഗ്രാമങ്ങളിൽ കുടിവെള്ളം, റോഡ്, ശുചിത്വം, വൈദ്യുതി തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിൽ ഉണ്ടായിട്ടുള്ള പുരോഗതി എന്താണെന്നും വികസനപ്രവർത്തനങ്ങൾ പൂർത്തിയാകാത്ത ഗ്രാമങ്ങൾ ഏതെല്ലാമാണെന്നും വ്യക്തമാക്കുമോ;

മറുപടി: പദ്ധതിയുടെ ഭാഗമായി കേരളം സമർപ്പിച്ച വികസന പദ്ധതികൾക്ക് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുന്നതിലും ആവശ്യമായ കേന്ദ്രവിഹിതം അനുവദിക്കുന്നതിലും കാലതാമസം നേരിട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പി.എം.-അജയ് പദ്ധതിയുടെ ഭാഗമായ ആദർശ ഗ്രാമം പദ്ധതി പ്രകാരം സംസ്ഥാനത്ത് 3 ഗ്രാമങ്ങളെയാണ് തെരഞ്ഞെടുത്തിരുന്നത്. 3 ഗ്രാമങ്ങളുടേയും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്.

(സി) കേന്ദ്രസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനും അർഹരായ പട്ടികജാതി കുടുംബങ്ങൾക്ക് പദ്ധതിയുടെ പ്രയോജനം പൂർണമായി ലഭിക്കുന്നതിനും തിരഞ്ഞെടുക്കപ്പെട്ട

ഗ്രാമങ്ങളിൽ വികസനപ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ